"ഭരണഭാഷ-മാതൃഭാഷ"

നമ്പർ സി5/8748/2023ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 30-05-2023

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം – ജീവനക്കാര്യം – 2011-15 കാലയളവിലെ സീനിയർ ക്ലാർക്ക് സ്ഥാനക്കയറ്റ പട്ടികയിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിലെ സീനിയോറിറ്റി സെക്ഷന്റെ 28/06/2021 തീയതിയിലെ SY2/30800/2019/DGE നമ്പർ ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം 2011-15 കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക അന്തിമപ്പെടുത്തിയിരിക്കുകയാണ്. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നം. 251 മുതൽ 300 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടി (ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, നൂൺമീൽ ഓഫീസർ) സർവ്വീസ് സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ട മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിന് ശേഷം സേവന വിവരങ്ങൾ മാതൃകാ ഫോറത്തിൽ സാക്ഷ്യപ്പെടുത്തി **07/06/2023 നകം** ഇ-മെയിൽ മുഖേന supdtc.dge@kerala.gov.in ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്. ഹെഡ് ക്വാർട്ടേഴ്സ് യൂണിറ്റിലെ (പരീക്ഷാഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ്) ജീവനക്കാരുടെ സേവന വിവരങ്ങളും 07/06/2023 നകം നൽകേണ്ടതാണ്. യഥാസമയം സേവന വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുമ്പാകെ ഹാജരാക്കാത്ത ജീവനക്കാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല. (മാതൃക ഫോറം English ൽ Excel Sheet ൽ മേൽപ്പറഞ്ഞ ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്)

Signed by
Tony Johnson
Date: 30-05-2023 12:35:28
ടോണി ജോൺസൻ
പെൻ:832043
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഇൻ ചാർജ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. ജോയിന്റ് കമ്മീഷണർ, പരീക്ഷാ ഭവൻ, തിരുവനന്തപുരം
4. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ് സൈറ്റ് മുഖേന)
5. ബന്ധപ്പെട്ട എല്ലാ ഓഫീസ് മേലധികാരികൾക്കും
6. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ് , പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)